**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 461 — 03.03.2020 ലെ മറുപടിക്ക്

**കയർ ഭൂവസ്ത്ര പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായ മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് കയർ ഭൂവസ്ത്ര പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുനസംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് കയർ ഭൂവസ്ത്രത്തിന്റെ വ്യാപനം. ഈ പദ്ധതി വഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിക്കപ്പെടുകയെന്ന വ്യക്തമായ കാഴ്ചപ്പാടാണുള്ളത്.<br>"കയർ കേരള 2017" മേളയിൽ വച്ച്, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള മണ്ണ്-ജല സംരക്ഷണം, കാർഷിക-റോഡ് നിർമ്മാണ പ്രവർത്തികൾ എന്നിവയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ കയർഭൂവസ്ത്രം വിതരണം ചെയ്യുന്നതിനുള്ള കരാർ ഒപ്പുവയ്ക്കുകയുണ്ടായി. മാർച്ച് 2019 വരെ 5608011 സ്ക്വ.മീ കയർ ഭൂവസ്ത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവർ വഴി വിതരണം ചെയ്യുകയും, വിരിക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി മേഖലയിലും, ഉല്പന്ന മേഖലയിലും ഉള്ള തൊഴിലാളികൾക്ക് പുതുതായി തൊഴിലവസരങ്ങൾ നൽകുന്നതിനും തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനും കയർ ഭൂവസ്ത്ര പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളും, തോടുകളും അടക്കമുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന നിർമ്മാണ |

| | |
|---|---|
| | പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുക വഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ചകിരി/ കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാകുകയും അതു മൂലം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. "കയർ കേരള 2019" മേളയിൽ 103 കോടി രൂപയുടെ കയർഭൂവസ്ത്ര വിതരണത്തിനുള്ള ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർരംഗത്ത് തൊഴിലും കൂലിയും സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്. |
| ബി) മണ്ണൊലിപ്പ് തടയുന്നതിനും തോടുകളുടെയും നീർച്ചാലുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനും തീരസംരക്ഷണത്തിനും മറ്റും വ്യാപകമായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) സംസ്ഥാനത്തെ കുളങ്ങളും, തോടുകളും അടക്കമുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് "കയർ കേരള 2019" മേളയിൽ 103 കോടി രൂപയുടെ കയർഭൂവസ്ത്ര വിതരണത്തിനുള്ള ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. |
| സി) ചകിരി നഷ്ടപ്പെടുത്താതെ സംഭരിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന ചകിരിയുടെ ഗണ്യമായ ഒരു ഭാഗം ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം ആവിഷ്കരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയിൽ 100 മില്ലുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം "കയർ കേരള 2019" മേളയിൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഭാഗമായി |

ചകിരി ഉല്പാദനത്തിലും സംഭരണത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16 ൽ കയർഫെഡ് സംസ്ഥാനത്തിനകത്തു നിന്നോ പുറത്ത് നിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><td>വർഷം</td><td>ചകിരി വില ലക്ഷത്തിൽ</td><td rowspan="5">2019-20 ജനുവരി 31 വരെ 312.80 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ് മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻ വർഷത്തേക്കാൾ 45.76% അധികമാണ്.</td></tr>
<tr><td>2015-16</td><td>ഇല്ല</td></tr>
<tr><td>2016-17</td><td>50.94</td></tr>
<tr><td>2017-18</td><td>78.14</td></tr>
<tr><td>2018-19</td><td>284.02</td></tr>
</table>

സെക്ഷൻ ഓഫീസർ